പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ * 395 — 18/12/2014 ൽ മറുപടിയ്ക്ക്

## ആധുനിക സർവ്വേ സംവിധാനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ആധുനിക സർവ്വേ സംവിധാനങ്ങൾ ഉപയോഗിച്ച് സർവ്വേ നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) ഉണ്ട്. ആധുനിക സർവ്വേ ഉപകരണങ്ങളായ ETS, GPS എന്നിവ ഉപയോഗിച്ച് സർവ്വേ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) കൃത്യതയോടെയും വളരെ വേഗത്തിലും, റീസർവ്വേ നടപടികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറാനും റിക്കാർഡുകൾ നശിച്ചു പോകാതെ സൂക്ഷിക്കുവാനും സാധിക്കുന്നു. കമ്പ്യൂട്ടറിൽ റിക്കാർഡുകൾ തയ്യാറാക്കുന്നതിനാൽ ഡേറ്റ സൂക്ഷിക്കുവാനും ആവശ്യാനുസരണം പ്രിന്റുകൾ എടുക്കുവാനും സാധിക്കുന്നു. |
| (സി) ഇത് മൂലം എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) ഓരോ കൈവശക്കാരനും അവരവരുടെ ഭൂമിയെ സംബന്ധിച്ച് വളരെ കൃത്യതയോടെ വിവരങ്ങൾ ലഭ്യമാക്കാനും കൂടാതെ റീസർവ്വേ ജോലികൾ ത്വരിതഗതിയിൽ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറാനും സാധിക്കുന്നു. |
| (ഡി) പ്രസ്തുത രീതിയിൽ സർവ്വേ നടത്തുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) റീസർവെ പൂർത്തിയാക്കാത്ത വില്ലേജുകളിൽ ഭൂമികേരളം പ്രോജക്ട് മുഖാന്തിരം ആധുനിക സർവെ ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വേ ജോലികൾ പൂർത്തിയാക്കാനും ഡിജിറ്റൈസ് ചെയ്യാത്ത മുഴുവൻ റിക്കാർഡുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ